2026
JUNE
19
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഇന്ത്യയുടെ പ്രതിരോധ ഉത്പാദനം റിക്കാർഡിൽ

**ന്യൂഡൽഹി:** രാജ്യം പ്രതിരോധ ഉത്പാദനരംഗത്തു ചരിത്രപരമായ നേട്ടം കൈവരിച്ചതായി പ്രതിരോധ മന്ത്രാലയം. 2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ വാർഷിക പ്രതിരോധ ഉത്പാദനം സർവകാല റിക്കാർഡായ 1.78 ലക്ഷം കോടി രൂപയിൽ എത്തിനിൽക്കുകയാണ്. മുൻ സാമ്പത്തിക വർഷത്തെ 1.54 ലക്ഷം കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 15.6 ശതമാനത്തിന്റെ മികച്ച വളർച്ചയാണ് ഇത്തവണ രേഖപ്പെടുത്തിയത്.

കഴിഞ്ഞ കുറച്ചു കാലങ്ങളായി രാജ്യം ഈ രംഗത്ത് കൈവരിച്ച അതിവേഗ മുന്നേറ്റത്തിന്റെ തെളിവാണ് ഈ നേട്ടമെന്ന് പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് പ്രസ്താവിച്ചു. പ്രതിരോധ ഉത്പാദന വകുപ്പിന്റെയും മറ്റ് അനുബന്ധ പങ്കാളികളുടെയും കൂട്ടായ ശ്രമത്തിന്റെ ഫലമാണിതെന്നും രാജ്യത്തിൻറെ പ്രതിരോധ വ്യവസായ അടിത്തറ ശക്തമാകുന്നതിന്റെ വ്യക്തമായ സൂചനയാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നയപരമായ പിന്തുണ, പുതിയ സംരംഭങ്ങൾ, സ്വകാര്യമേഖലയുടെ വർധിച്ച പങ്കാളിത്തം, വളർന്നുവരുന്ന കയറ്റുമതിശേഷി എന്നിവയുടെ ഫലമായി പ്രതിരോധ ഉത്പാദന മേഖല വരുംവർഷങ്ങളിൽ കൂടുതൽ വേഗം കൈവരിക്കുമെന്നും രാജ്നാഥ് സിംഗ് കൂട്ടിച്ചേർത്തു.



2020-21 സാമ്പത്തിക വർഷത്തിൽ 84,643 കോടി രൂപയായിരുന്ന പ്രതിരോധ ഉത്പാദനം ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ 110 ശതമാനത്തിന്റെ വൻ വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2013-14 കാലഘട്ടത്തിലെ 43,746 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര പ്രതിരോധ ഉത്പാദനം ഏകദേശം നാലിരട്ടിയോളം വർധിച്ചതായും മന്ത്രാലയത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

ആകെ ഉത്പാദനത്തിന്റെ 76 ശതമാനവും പൊതുമേഖലാ സ്ഥാപനങ്ങളുടെ സംഭാവനയാണ്. അതേസമയം, സ്വകാര്യ മേഖലയുടെ പങ്കാളിത്തം മുൻവർഷത്തെ 22 ശതമാനത്തിൽനിന്നു 24 ശതമാനമായി ഉയർന്നു. സ്വകാര്യ മേഖലയിൽനിന്നുള്ള ഉത്പാദനം ചരിത്രത്തിലാദ്യമായി 42,000 കോടി രൂപ പിന്നിട്ടത് ഈ രംഗത്തെ സ്വകാര്യ പങ്കാളിത്തത്തിൻറെ വളർച്ച അടിവരയിടുന്നു.

പ്രതിരോധ ഉത്പാദനരംഗത്തുണ്ടായ ഈ വൻ മുന്നേറ്റം രാജ്യത്തിന്റെ കയറ്റുമതി മേഖലയ്ക്കു വൻ ഉത്തേജനമാണ് നൽകിയത്. 2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി 38,424 കോടി രൂപ എന്ന എക്കാലത്തെയും ഉയർന്ന നിരക്കിൽ എത്തിയിരിക്കുകയാണ്.

## ഓപ്പറേഷൻ സിന്ദൂർ: ഒറ്റയടിയിൽ തുർക്കി കമ്പനിക്ക് 4800 കോടിയുടെ നഷ്ടം

**ന്യൂഡൽഹി:** ഓപ്പറേഷൻ സിന്ദൂറിന് പിന്നാലെ ഇന്ത്യ കനത്ത അടി കൊടുത്ത ടർക്കിഷ് കമ്പനി ചെലെബീക്ക് ഒറ്റനാൾകൊണ്ട് നഷ്ടമായത് അന്ന് 50 കോടി ഡോളർ (നിലവിലെ മൂല്യപ്രകാരം ഏകദേശം 4800 കോടി രൂപ). കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക ആഘാതമായിരുന്നു അതെന്ന് കമ്പനി മേധാവി ജാനൻ ചെലെബീയോലു ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

പഹൽഗാമിലെ ഭീകരാക്രമണത്തിന് തിരിച്ചടിയെന്നോണം പാക്കിസ്ഥാനിലെയും പാക്ക് അധിനിവേശ കശ്മീരിലെയും ഭീകരതാവളങ്ങൾക്കു നേരെ ഇന്ത്യ വിജയകരമായി നടത്തിയ പ്രത്യാക്രണമായിരുന്നു 'ഓപ്പറേഷൻ സിന്ദൂർ'. എന്നാൽ, ഓപ്പറേഷൻ സിന്ദൂറിനെ അന്ന് തുർക്കി പരസ്യമായി അപലപിച്ചു. പാക്കിസ്ഥാന് പിന്തുണയും പ്രഖ്യാപിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഇന്ത്യയിലെമ്പാടും ടർക്കിഷ് കമ്പനികളെ ബഹിഷ്കരിക്കാൻ ആഹ്വാനം ശക്തമായിരുന്നു. ഇതിന്റെ ചുവടുപിടിച്ചായിരുന്നു ടർക്കിഷ് കമ്പനികൾക്കെതിരെ കേന്ദ്ര സർക്കാരിന്റെ കടുത്ത നടപടി.

ഇന്ത്യയിൽ ഒന്നര പതിറ്റാണ്ടിലേറെയായി പ്രവർത്തിച്ചുവന്ന ടർക്കിഷ് േ വ്യോമയാന ഗ്രൗണ്ട് ഹാൻഡ്ലിങ് കമ്പനിയായ ചെലെബീയുംനടപടി നേരിട്ടു. ചെലെബീയുടെ സുരക്ഷാ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സേഫ്റ്റി അടിയന്തരമായി പിൻവലിക്കുകയായിരുന്നു.

17 വർഷംകൊണ്ട് ഇന്ത്യയിൽ കെട്ടിപ്പടുത്ത ബിസിനസുകളാണ് ഒറ്റദിവസംകൊണ്ട് നഷ്ടമായതെന്ന് ജാനൻ ചെലെബീയോലൂ പറഞ്ഞു. ഡൽഹി, മുംബൈ, ഹൈദരാബാദ്, ബെംഗളൂരു എന്നിവയടക്കം 9 പ്രമുഖ വിമാനത്താവളങ്ങളിൽ ചെലെബീയുടെ സേവനമുണ്ടായിരുന്നു. വർഷം ശരാശരി 58,000 വിമാനങ്ങളെയാണ് കമ്പനി ഇന്ത്യയിൽ കൈകാര്യം ചെയ്തിരുന്നത്.

ഇന്ത്യൻ സർക്കാരിന്റെ നടപടി വലിയ നോവാണ് കമ്പനിക്ക് നൽകിയതെന്ന് ജാനൻ ചെലെബീയോലൂ പറഞ്ഞു. 10,000 ജീവനക്കാരെ ഒറ്റദിവസംകൊണ്ട് അവർ മറ്റൊരു കമ്പനിയിലേക്ക് മാറ്റി. 4050 കോടി ഡോളറുണ്ടായിരുന്ന കമ്പനിമൂല്യം ഒറ്റദിവസം കൊണ്ട് വെറും പൂജ്യമായെന്നും ജാനൻ ചെലെബീയോലൂ പറഞ്ഞു.

ഇന്ത്യയെ ആക്രമിക്കാൻ പാക്കിസ്ഥാന് തുർക്കി ഡ്രോണുകൾ നൽകിയതാണ് കേന്ദ്രസർക്കാരിനെ ചൊടിപ്പിച്ചത്. ടർക്കിഷ് സർക്കാരുമായി കമ്പനിക്ക് ഒരു ബന്ധവുമില്ലെന്ന് അന്ന് ചെലെബീ വാദിച്ചെങ്കിലും, രാജ്യസുരക്ഷ ചൂണ്ടിക്കാട്ടി കേന്ദ്രം നടപടിയെടുക്കുകയായിരുന്നു. അദാനി ഗ്രൂപ്പ് ഉൾപ്പെടെയുള്ള കമ്പനികൾ ഇതേത്തുടർന്ന് ചെലെബീയുമായുള്ള സഹകരണം അവസാനിപ്പിച്ചു. അന്ന് ചെലെബീ കോടതിയെ സമീപിച്ചെങ്കിലും രാജ്യസുരക്ഷ പരമപ്രധാനമാണെന്നാണ് കോടതിയും വ്യക്തമാക്കിയത്.

## തിരുവനന്തപുരം മെട്രോ: അനുമതി ലഭിച്ചാൽ 6 മാസത്തിനുള്ളിൽ പണിതുടങ്ങും

**തിരുവനന്തപുരം:** തലസ്ഥാന മെട്രോ പദ്ധതിയുടെ അന്തിമ ഡി.പി.ആർ. അടുത്തയാഴ്ച സർക്കാരിനു സമർപ്പിക്കും. പദ്ധതിയുടെ നിർമാണച്ചെലവുമുൾപ്പെടെ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ തയ്യറാക്കുന്ന പൂർണമായ ഡി.പി.ആറാണ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ.) മന്ത്രിസഭയുടെ അനുമതിക്കായി നൽകുന്നത്.

മന്ത്രിസഭയുടെ അനുമതി ലഭിച്ചാൽ ഡി.പി.ആർ. കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിനു സമർപ്പിക്കും. കേന്ദ്ര അനുമതി ലഭിച്ചാൽ ആറു മാസത്തിനുള്ളിൽ നിർമാണം ആരംഭിക്കാൻ കഴിയുമെന്നാണ് കെ.എം.ആർ.എലിന്റെ നിഗമനം.പാപ്പനംകോട്ടുനിന്നു തുടങ്ങി കിള്ളിപ്പാലം, തമ്പാനൂർ, സെക്രട്ടേറിയറ്റ്, പാളയം, പട്ടം, മെഡിക്കൽ കോളേജ്, ഉള്ളൂർ, കാര്യവട്ടം വഴി കഴക്കൂട്ടംവരെയും അവിടെനിന്ന് ടെക്നോപാർക്ക്, ആക്കുളം, ചാക്ക വഴി ഈഞ്ചയ്ക്കൽ വരെയും എത്തുന്ന 31 കിലോമീറ്ററിലാണ് അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്.

കഴിഞ്ഞ നവംബറിൽ സർക്കാർ ഈ അലൈൻമെന്റിന് അംഗീകാരം നൽകിയിരുന്നു. തുടർന്ന് പദ്ധതിയുടെ ചെലവ്, സ്ഥലമേറ്റെടുക്കൽ തുടങ്ങിയവ ഉൾപ്പെടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കാനും സർക്കാർ കെ.എം.ആർ.എലിനോട് ആവശ്യപ്പെട്ടിരുന്നു. കെ.എം.ആർ.എലിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്. പൂർണമായും എലിവേറ്റഡ് (ഉയരപ്പാത) എന്നനിലയിലുള്ള നിർമാണമാണ് ഡി.പി.ആറിൽ നിർദേശിക്കുകയെന്നാണ് സൂചന. സെക്രട്ടേറിയറ്റ് ഉൾപ്പെടുന്ന പൈതൃകമന്ദിരങ്ങൾ സ്ഥിതിചെയ്യുന്ന പ്രധാന പാതയിൽ മെട്രോ സ്റ്റേഷനുകളുൾപ്പെടുന്ന വമ്പൻ നിർമിതികൾ നഗരസൗന്ദര്യത്തെ ബാധിക്കുമെന്ന ആശങ്കയുണ്ടായിരുന്നതിനാൽ ഭൂഗർഭപാതയെക്കുറിച്ച് നേരത്തേ പഠനം നടത്തിയിരുന്നു.






## എറണാകുളം ജംക്ഷൻ റെയിൽവേ സ്റ്റേഷനിൽ റിക്ലൈനർ ഇരിപ്പിടങ്ങൾ ഉൾപ്പെടെയുള്ള ആധുനിക കാത്തിരിപ്പു കേന്ദ്രം

**കൊച്ചി:** തിരുവനന്തപുരം റെയിൽവേ ഡിവിഷനിലെ ഏറ്റവും വലിയ ശീതീകരിച്ച കാത്തിരിപ്പു കേന്ദ്രം എറണാകുളം ജംക്ഷൻ റെയിൽവേ സ്റ്റേഷനിൽ പ്രവർത്തനം തുടങ്ങി. 64 ചതുരശ്ര മീറ്റർ വിസ്തൃതിയിലുള്ള എയർ കണ്ടീഷൻഡ് ഹാളിൽ, സുഖപ്രദമായ റിക്ലൈനർ ഇരിപ്പിടങ്ങൾ, ആധുനികവും ശുചിത്വവുമുള്ള റെസ്റ്റ് റൂം തുടങ്ങിയ സൗകര്യങ്ങൾ യാത്രക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഒരേസമയം 100 പേർക്ക് ഇരിക്കാനാകും. ടിക്കറ്റ് റിസർവേഷൻ സെന്ററിന്റെ വടക്കു ഭാഗത്തായാണു പുതിയ വെയ്റ്റിങ് റൂം. മണിക്കൂറിന് 30 രൂപയാണ് നിരക്ക്. സ്വകാര്യ ഏജൻസിക്കാണ് മേൽനോട്ട ചുമതല. എറണാകുളം ജംക്ഷനിലേത് ഉൾപ്പെടെ തിരുവനന്തപുരം ഡിവിഷനിലെ 12 സ്റ്റേഷനുകളിൽ ഇപ്പോൾ ശീതീകരിച്ച കാത്തിരിപ്പു കേന്ദ്രങ്ങളുണ്ട്.




## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം: പരീക്ഷണ ഓട്ടത്തിനായി ആദ്യ കണ്ടെയ്നർ പുറത്ത്

**വിഴിഞ്ഞം:** പതിനൊന്ന് വർഷത്തെ കാത്തിരിപ്പിനു ശേഷം കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുള്ളിൽനിന്ന് ആദ്യ ട്രെയിലർ ലോറി കണ്ടെയ്നറുമായി കവാടം കടന്ന് പുറത്തിറങ്ങി.

കണ്ടെയ്നർ കടന്നുപോകുമ്പോഴുള്ള ട്രാഫിക് നിയന്ത്രണം ഉൾപ്പെടെയുള്ള അടിസ്ഥാന കാര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് തയാറാക്കി ഉചിതമായ മാറ്റം വരുത്താനുള്ള ദേശീയപാതാ അധികൃതരുടെ പരിശോധനയുടെ ഭാഗമായിരുന്നു കണ്ടെയ്നറിന്റെ ഓട്ടം. പുറത്തേക്ക് കണ്ടെയ്നറുകൾ കൊണ്ടുപോകുന്നതിനായി കസ്റ്റംസിൻറെ അനുമതിയും ലഭിച്ചതോടെ ചരക്ക് ഗതാഗതത്തിനുള്ള പ്രധാന തടസവും ഒഴിവായതായി അധികൃതർ അറിയിച്ചു.

കഴക്കൂട്ടംകാരോട് ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന തലക്കോട് ജംഗ്ഷൻ വഴിയുള്ള ചരക്കുനീക്കത്തിന്റെ ട്രയൽ റൺ നടന്നതോടെ ജനത്തിന്റെ ആത്മവിശ്വാസവും വർധിച്ചു.

തുറമുഖ കവാടത്തിൽനിന്ന് 1.8 കിലോമീറ്റർ ദൂരെയുള്ള റോഡാണ് ദേശീയപാതയിലെ തലക്കോട് ജംഗ്ഷനുമായി ബന്ധിപ്പിച്ചത്. കണ്ടെയ്നറുകൾ കയറ്റിവരുന്ന ട്രക്കുകൾ കവാടത്തിലെത്തിയശേഷം ദേശീയപാതയിലേക്ക് കടക്കുമ്പോ ഴുള്ള ട്രാഫിക് ക്രമീകരണങ്ങൾ, അതുമായി ബന്ധപ്പെട്ട സാങ്കേതിക പ്രവർത്തനങ്ങൾ എന്നിവയടക്കം പരിശോധിച്ച് ഉറപ്പാക്കാൻ ദേശീയപാതാ വിഭാഗത്തിലെ ഉന്നത ഉദ്യോഗസ്ഥർ അടങ്ങിയ സംഘം വിഴിഞ്ഞത്തെത്തിയിരുന്നു.

ഫീക്കൻ ഇൻഫ്രാ ലോജിസ്റ്റിക്കിന്റെ മാൻ എന്ന ട്രക്കിനാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തു നിന്നുള്ള ആദ്യ കണ്ടെയ്നർ കടത്തിനുള്ള നിയോഗം ലഭിച്ചത്. അധികം താമസിയാതെ വ്യാവസായികാടിസ്ഥാനത്തിലുള്ള ചരക്ക് ഗതാഗതം തുടങ്ങാമെന്ന വിശ്വാസത്തിലാണ് അധികൃതർ.



## നിർമ്മലാ കോളേജിൽ രക്തദാന ക്യാമ്പും, ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു

**മുവാറ്റുപുഴ:** മുവാറ്റുപുഴ നിർമ്മല കോളേജ് എൻ. എസ്. എസ് യൂണിറ്റ് 30ഉം,ഐ. എം. എ ബ്ലഡ് സെന്റർ തൊടുപുഴയും സംയുക്തമായി കോളേജിൽ വച്ച് രക്തദാന ക്യാമ്പും, വിദ്യാർത്ഥികൾക്കായുള്ള രക്തദാന ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു . ലോക രക്തദാനദിനത്തോട് അനുബന്ധിച്ചാണ് ക്യാമ്പ് സംഘടിപ്പിച്ചത്. 50തോളം കുട്ടികൾ രക്തദാനം നടത്തി ഈ മഹാദാനത്തിൽ പങ്കാളികളായി. കോളേജ് എ. വി. ഹാളിൽ വച്ച് നടന്ന രക്തദാന ബോധവൽക്കരണ ക്ലാസ്സിൽ കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റിൽ നിന്നായി 200 ഓളം കുട്ടികൾ പങ്കെടുത്തു. ഐ. എം. എ മെഡിക്കൽ ഓഫീസർ ഡോ. കെ. സി. ചാക്കോയാണ് ക്ലാസ്സിന് നേതൃത്വം നൽകിയത്.

കോളേജ് പ്രിൻസിപ്പൽ റെവ. ഡോ. ജെസ്റ്റിൻ കെ കുര്യാക്കോസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. വൈസ്. പ്രിൻസിപ്പൽ ഡോ. ഷൈമോൻ ജോസഫ് ആശംസകൾ അർപ്പിച്ചു. എൻ. എസ്. എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. ബോബു ആന്റണി, ഡോ. ജീന മേരി ജോസ് വോളന്റിയർ സെക്രട്ടറിമാരായ ശ്രീ. ദേവാനന്ദ്,ശ്രീമതി. ശ്രീനന്ദ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.



പൊതു വിദ്യാഭ്യാസ വകുപ്പ് ആലുവ സെൻറ് ഫ്രാൻസിസ് ഹൈസ്കൂളിൽ സംഘടിപ്പിച്ച 1 മില്യൻ തൂഫാൻ ഗോൾസ് @വേൾഡ് കപ്പ് 2026 ജനസേവ ശിശുഭവൻ ചെയർമാൻ ജോസ് മാവേലി ഉദ്ഘാടനം ചെയ്യുന്നു.

## സെൻ്റ് ഫ്രാൻസിസ് ഹൈസ്കൂളിൽ തൂഫാൻ ഗോൾസ് @ വേൾഡ് കപ്പ് 2026 ജോസ് മാവേലി ഉദ്ഘാടനം ചെയ്തു

**ആലുവ:** സെന്റ് ഫ്രാൻസിസ് ഹൈസ്കൂളിൽ വൺ മില്യൺ ഗോൾസ്@ വേൾഡ് കപ്പ് 2026 ജോസ് മാവേലി ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം ലഹരിക്കെതിരെ കുട്ടികളെ ബോധവൽക്കരിക്കുന്നതിനും ലോകകപ്പ് ഫുട്ബോൾ മാമാങ്കത്തിലേക്ക് കുട്ടികളുടെ ശ്രദ്ധ ആകർഷിക്കുന്നതിനുമായി ആണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. കുട്ടികളിൽ കായിക താല്പര്യമുണർത്തി ആരോഗ്യമാണ് ലഹരി എന്ന സന്ദേശം കുട്ടികളുടെ മനസിൻ പതിപ്പിക്കുന്നതിന് തൂഫാൻ ഗോൾസ് @ വേൾഡ് കപ്പ് 2026 സഹായിക്കട്ടെ എന്ന് ഉദ്ഘാടന സന്ദേശത്തിൽ ജോസ് മാവേലി പറഞ്ഞു. ഗോൾ പോസ്റ്റിലേക്ക് ബോൾ കിക്ക് ചെയ്ത് കൊണ്ട് അദ്ദേഹം പരിപാടി ഉദ്ഘാടനം ചെയ്തു.ധീരമായി കളിക്കുക ശുദ്ധമായി ജീവിക്കുക ഒരുമിച്ച് ജയിക്കുക എന്നതാണ് വൺ മില്യൻ തൂഫാൻ ഗോൾസ് @വേൾഡ് കപ്പ് 2026 കൊണ്ട് ഉദ്ദേശിക്കുക. സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ദിവ്യ സി. റ്റി.സി. അധ്യക്ഷത വഹിച്ച ചടങ്ങിൽ അധ്യാപികമാരായ റോസ്മേരി, ജിൻസി പീറ്റർ, മരിയ ഗൊരേത്തി, രശ്മി ജോസ്, എലിസബത്ത് വി.വി. തുടങ്ങിയവർ പ്രസംഗിച്ചു.

## പ്രിയദർശിനി സൗജന്യയാത്ര: പ്രതിദിനം 4.5 ലക്ഷം വനിതാ യാത്രക്കാരുടെ വർധന

**തിരുവനന്തപുരം:** സൗജന്യ യാത്രാ പദ്ധതി നടപ്പാക്കിയതോടെ കെഎസ്ആർടിസി ഓർഡിനറി സർവീസുകളിൽ സ്ത്രീ യാത്രക്കാരുടെ എണ്ണത്തിൽ പ്രതിദിനം 4.5 ലക്ഷം പേരുടെ വർധനയെന്ന് മന്ത്രി സി.പി.ജോൺ. ജൂൺ 8ന് ഓർഡിനറി ബസുകളിലെ വനിതാ യാത്രക്കാർ 7.25 ലക്ഷമായിരുന്നെങ്കിൽ ചൊവ്വാഴ്ച ഇത് 11.84 ലക്ഷമായി . ഇതിനു ചെലവായ 2.46 കോടി രൂപ സർക്കാർ കോർപറേഷന് നൽകും. ഇത് കോർപറേഷൻ മുൻപു കണക്കാക്കിയതിന് അടുത്തു നിൽക്കുന്ന തുകയാണ്. ഓർഡിനറി ബസുകളിലെ യാത്രക്കാരിൽ 64 % സ്ത്രീകളായിരുന്നുവെന്നത് പദ്ധതി ജനങ്ങൾ ഏറ്റെടുത്തതിന്റെ തെളിവാണെന്നു മന്ത്രി പറഞ്ഞു. സൗജന്യ യാത്രയുടെ പ്രതികരണം അറിയിക്കാൻ മൊബൈൽ ആപ് ഏർപ്പെടുത്തും. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ പാഴ്സൽ സർവീസ് പരിഗണിക്കും. ബിസിനസ് ക്ലാസ് ബസുകളുടെ ഉദ്ഘാടനം വൈകാതെ നടക്കും.

## എം.ജി സർവകലാശാല

# എംജിയു ബിരുദ ഏകജാലകം: കമ്മ്യൂണിറ്റി ക്വോട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാല ബിരുദ പ്രവേശനത്തിന് കമ്മ്യൂണിറ്റി ക്വോട്ടയിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അഡ്മിഷന് കോളേജുമായി ബന്ധപ്പെടേണ്ടതാണ്. ജൂൺ 22 വരെ ഒന്നാം അലോട്മെന്റ് തുടരും.

### പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എംഎസ് സി ഫിസിക്സ് (മെറ്റീരിയൽ സയൻസ്) (സിഎസ്എസ്)(2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) മാർച്ച് 2026ന്റെ പ്രാക്ടിക്കൽ, പ്രൊജക്റ്റ് ആൻറ് വൈവ വോസി പരീക്ഷകൾ ജൂൺ 23 മുതൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

നാലാം സെമസ്റ്റർ എംഎസ് സി ബോട്ടണി (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ൻറെ പ്രാക്ടിക്കൽ, പ്രൊജക്റ്റ് ഇവാല്യൂവേഷൻ ആൻറ് കോഴ്സ് വൈവ വോസി പരീക്ഷകൾ ജൂൺ 22 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

രണ്ടാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എംഎസ് സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്/ഡാറ്റാ സയൻസ് (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) ഏപ്രിൽ 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 29 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

### പരീക്ഷാ തീയതി

എട്ടാം സെമസ്റ്റർ ഐഎംസിഎ (2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെൻററി) ജൂൺ 2026 പരീക്ഷകൾ ജൂലൈ 20 മുതൽ നടക്കും.

### വൈവ വോസി

നാലാം സെമസ്റ്റർ എംഎ സിറിയക് റഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ൻറെ വൈവ വോസി പരീക്ഷകൾ ജൂൺ 24ന് കോട്ടയം SEERI കോളേജിൽ നടക്കും.

നാലാം സെമസ്റ്റർ എംഎസ് സി സ്റ്റാറ്റിസ്റ്റിക്സ്/അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) മാർച്ച് 2026 ന്റെ പ്രാക്ടിക്കൽ, പ്രൊജക്റ്റ് ആൻറ് വൈവ വോസി പരീക്ഷകൾ ജൂൺ 22 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

# കുസാറ്റ് : ഇന്റഗ്രേറ്റഡ് പി.ജി., ബി.വോക് പ്രോഗ്രാമുകളിലേക്കുള്ള റിയൽ ടൈം കൗൺസിലിംഗ് മാറ്റി

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്)യിലെ അഞ്ചുവർഷ ഇന്റഗ്രേറ്റഡ് പി.ജി., ബി.വോക് പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി ജൂൺ 19ന് നടത്താനിരുന്ന റിയൽ ടൈം കൗൺസിലിംഗ് ജൂൺ 23ലേക്ക് മാറ്റി. ബി.ടെക്, ബി.ടെക് മറൈൻ എഞ്ചിനീയറിംഗ് പ്രോഗ്രാമുകളിലേക്കുള്ള ഓപ്ഷൻ രജിസ്ട്രേഷൻ ജൂൺ 16 മുതൽ ആരംഭിച്ചു. ബി.ടെക് മറൈൻ എഞ്ചിനീയറിംഗ് പ്രോഗ്രാമുകൾക്കുള്ള ഓപ്ഷൻ രജിസ്ട്രേഷന്റെ അവസാന തീയതി ജൂൺ 20ഉം ബി.ടെക് പ്രോഗ്രാമുകൾക്കുള്ളത് ജൂൺ 22മാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവേശന വെബ്സൈറ്റ് https://admissions.cusat.ac.in സന്ദർശിക്കുകയോ 9778783191, 8848912606 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം.

## ബി.ടെക്ക് ബിരുദദാന ചടങ്ങ് ജൂൺ 20ന്


**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കുഞ്ഞാലി മരക്കാർ സ്കൂൾ ഓഫ് മറൈൻ എൻജിനീയറിങ്ങിലെ 19 ആം ബി.ടെക്ക് മറൈൻ എൻജിനീയറിങ് ബാച്ചിന്റെ ബിരുദദാന ചടങ്ങ് ജൂൺ 20ന് ഉച്ചക്ക് 2:30 ക്ക് സർവകലാശാല സെമിനാർ കോംപ്ലെക്സിൽ നടക്കും. മന്ത്രി റോജി എം. ജോൺ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്യും. മത്സ്യബന്ധനസാമൂഹ്യനീതി മന്ത്രി വി. ഇ. അബ്ദുൽ ഗഫൂർ ചടങ്ങിൽ അധ്യക്ഷത വഹിക്കും. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരി, സിൻഡികേറ്റ് അംഗം ഡോ. പി. കെ. ബേബി, കെഎംഎസ്എംഇ ഡയറക്ടർ വി.വി. പോൾ, കൊച്ചി മെർസെൻറ്റൈൽ മറൈൻ വകുപ്പ് പ്രിൻസിപ്പൽ ഓഫീസർ ജെ. സെന്തിൽ കുമാർ, കുസാറ്റ് രജിസ്ട്രാർ പ്രൊഫ. ഡോ. അരുൺ എ. യു, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. എൻ. മനോജ്, ഫാക്കൽറ്റി ഓഫ് എൻജിനീയറിങ്ങും ഡീനുമായ ഡോ. സെന്തിൽ പ്രകാശ് എം. എൻ, കെഎംഎസ്എംഇ കോഴ്സ് കോർഡിനേറ്റർ ഡോ. സതീഷ് ബാബു, കെഎംഎസ്എംഇ കോഴ്സ്ഇൻ ചാർജ് ജിസ് ജോർജ് എന്നിവർ ചടങ്ങിൽ പങ്കെടുക്കും.



# ഏകദിന ഹാൻഡ്സ്ഓൺ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു

**മൂവാറ്റുപുഴ:** നിർമലാ കോളേജ്, മൂവാറ്റുപുഴ (ഓട്ടോണമസ്) കമ്പ്യൂട്ടർ സയൻസ് വകുപ്പ് , മഹാത്മാഗാന്ധി സർവകലാശാലയുടെ സഹകരണത്തോടെ 'ഡിജിറ്റൽ ഇമേജ് പ്രോസസ്സിംഗ്' വിഷയത്തിൽ ഏകദിന ഹാൻഡ്സ്ഓൺ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (FDP) സംഘടിപ്പിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, മെഡിക്കൽ ഇമേജിംഗ്, കമ്പ്യൂട്ടർ വിഷൻ, റിമോട്ട് സെൻസിംഗ് തുടങ്ങിയ അതിവേഗം വളർന്നുവരുന്ന സാങ്കേതിക മേഖലകളിൽ ഡിജിറ്റൽ ഇമേജ് പ്രോസസ്സിംഗിന് വർധിച്ചുവരുന്ന പ്രാധാന്യം കണക്കിലെടുത്ത് അധ്യാപകരെ ഈ മേഖലകളിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളിലും പ്രായോഗിക അറിവിലും പ്രാവീണ്യമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ജെസ്റ്റിൻ കെ. കുര്യാക്കോസ് പരിപാടി ഉദ്ഘാടനം ചെയ്തു.

പരിശീലനത്തിന് രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയിലെ ഇൻഫർമേഷൻ ടെക്നോളജി വിഭാഗം പ്രൊഫസർ ഡോ. സരിത എസ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് വിഭാഗം പ്രൊഫസർ ഡോ. പ്രീത കെ. ജി. എന്നിവർ നേതൃത്വം നൽകി. ഡിജിറ്റൽ ഇമേജ് പ്രോസസ്സിംഗിന്റെ അടിസ്ഥാന ആശയങ്ങൾ, ഇമേജ് എൻഹാൻസ്മെന്റ്, ഫിൽട്ടറിംഗ്, സെഗ്മെന്റേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് എന്നിവയിലെ പ്രായോഗിക പരിശീലനവും പ്രദർശനവും പരിപാടിയുടെ ഭാഗമായി നടന്നു. വിവിധ കോളേജുകളിൽ നിന്നായി 35 അധ്യാപകർ പരിപാടിയിൽ പങ്കെടുത്തു.





# കെഎസ്ആർടിസി; കൊല്ലം ബസ് ടെർമിനൽ നിർമാണം ഉടൻ തുടങ്ങാൻ തീരുമാനം

**കൊല്ലം:** കൊല്ലത്തെ കെഎസ്ആർടിസി ബസ് ടെർമിനൽ നിർമാണം എത്രയും വേഗം ആരംഭിക്കാൻ തിരുവനന്തപുരത്ത് ചേർന്ന മന്ത്രി തല യോഗത്തിൽ തീരുമാനം. ഗതാഗത വകുപ്പ് മന്ത്രി സി.പി ജോൺ, തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണ എന്നിവരുടെ നേതൃത്വത്തിലായിരുന്നു യോഗം. വെള്ളിയാഴ്ച വൈകിട്ട് 4.30ന് കൊല്ലത്ത് മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ യോഗം ചേരും. എത്രയും വേഗം പദ്ധതി നടപ്പിലാക്കണമെന്ന നിലപാട് മന്ത്രി യോഗത്തിൽ അറിയിച്ചു. ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്തു നിലവിലെ ശോച്യാവസ്ഥയിലുള്ള കെട്ടിടം എത്രയും വേഗം പൊളിച്ചു മാറ്റി താൽക്കാലിക സംവിധാനം ഒരുക്കണമെന്ന് മന്ത്രി പറഞ്ഞു. തയാറാക്കിയ പ്ലാനിന്റെ പോരായ്മകൾ പരിഹരിച്ചു പുതിയ പ്ലാൻ തയാറാക്കാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്ടിനെ ചുമതലപ്പെടുത്തി. പുതിയ ബസ് ടെർമിനൽ നിലവിലെ ഗാരിജ് പ്രവർത്തിക്കുന്ന സ്ഥലത്ത് തന്നെ നിർമിക്കാൻ കഴിയുമെന്ന് ഉറപ്പ് വരുത്തി. ഗാരിജ് മറ്റ് എവിടേക്കെങ്കിലും മാറ്റാൻ കഴിയുമോ എന്ന സാധ്യത പരിശോധിക്കാൻ കെഎസ്ആർടിസി ഉദ്യോഗസ്ഥർക്ക് ഗതാഗത മന്ത്രി നിർദേശം നൽകി. നിലവിൽ 15 കോടി രൂപയാണ് നിർമാണ പ്രവൃത്തികൾക്ക് വേണ്ടി മാറ്റി വച്ചിട്ടുള്ളത്. അടിയന്തരമായി കെഎസ്ആർടിസി എംഡിയും ഉദ്യോഗസ്ഥരും പദ്ധതി പ്രദേശം പരിശോധിക്കാൻ മന്ത്രി നിർദേശിച്ചു. യോഗത്തിൽ കെഎസ്ആർടിസി എംഡി പ്രമോജ് ശങ്കർ, പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർ, ഗതാഗത വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ബാലൻ ദി ബോയ് വെള്ളിയാഴ്ച് തിയേറ്ററുകളിൽ

ജനപ്രിയ ബ്ലോക്ക്ബസ്റ്റർ ഹിറ്റ് മഞ്ഞുമ്മൽ ബോയ്സിന് ശേഷം ചിദംബരം സംവിധാനം ചെയ്യുന്ന 'ബാലൻ ദി ബോയ്' സിനിമയുടെ രണ്ടാമത്തെ ഗാനമായ 'എങ്ങോട്ടാ' പുറത്തിറങ്ങി. മലയാളത്തിലെ ട്രെൻഡ് സെറ്റർ സംഗീത സംവിധായകൻ സുഷിൻ ശ്യാം ആണ് ബാലന്റെ സംഗീതം നിർവഹിച്ചിരിക്കുന്നത്. അൻവർ അലി രചിച്ച പാടിയിരിക്കുന്നതും സുഷിൻ ശ്യാം തന്നെയാണ്. ഫർസാന പാലത്തിങ്കൽ, ആദിശേഷൻ, മുഹമ്മദ് സിനാൻ, ഡോളി ജൂൺ, ജീൻ പോൾ ലാൽ, ഗിരീഷ് എ ഡി, ബീന ആന്റണി എന്നിവർ മുഖ്യ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ബാലൻ ദി ബോയ് മലയാളം, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ എന്നീഭാഷകളിലായി ജൂൺ 19ന് തിയേറ്ററുകളിലെത്തും. കെ.വി.എൻ പ്രൊഡക്ഷൻസും തെസ്പിയൻ ഫിലിംസും ചേർന്നാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്. ചിത്രത്തിന്റെ ബുക്കിങ് കഴിഞ്ഞ ദിവസം ആരംഭിച്ചു. ടോവിനോ തോമസും ചിത്രത്തിലെ ഒരു നിർണായക കഥാപാത്രമായി എത്തുന്നുണ്ട്. ആവേശം സിനിമയുടെ സംവിധായകൻ ജിത്തു മാധവൻ ആണ് തിരക്കഥയെഴുതിയിരിക്കുന്നത്. ചിത്രത്തിലെ ആദ്യ ഗാനമായ താക്കോൽ മികച്ച പ്രതികരണം നേടി ഇപ്പോഴും ട്രെൻഡിങ്ങിൽ തുടരുകയാണ്. സുഷിൻ ശ്യാമിന്റെ സംഗീത സംവിധാനം ചിത്രത്തിന്റെ ഹൈപ്പിനു ഒരു പ്രധാന ഘടകമാണ്. കാൻ ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി മാർഷേ ഡു ഫിലിമിൽ പ്രദർശിപ്പിച്ച ചിത്രവും മികച്ച അഭിപ്രായം നേടിയെടുത്തിട്ടുണ്ട്. വ്യക്തിത്വത്തിന്റെയും അതിജീവനത്തിന്റെയും കഥയാണ് ചിത്രം പറയുന്നതെന്നാണ് ട്രെയിലർ സൂചിപ്പിക്കുന്നത്. സസ്പെൻസും ത്രില്ലും നിറഞ്ഞ ട്രെയ്ലർ ഒരു ഗംഭീര അനുഭവം ആയിരിക്കും ചിത്രം സമ്മാനിക്കുക എന്ന പ്രതീക്ഷയാണ് പ്രേക്ഷകർക്ക് നൽകിയിരിക്കുന്നത്. U/A 16+ സർട്ടിഫിക്കറ്റ് ലഭിച്ച ചിത്രത്തിന്റെ ദൈർഘ്യം 2 മണിക്കൂർ 27 മിനിറ്റ് ആണ്. ചിത്രത്തിന്റെ ട്രെയിലറും വമ്പൻ പ്രേക്ഷക ശ്രദ്ധ നേടിയിരുന്നു. ഛായാഗ്രഹണം ഷൈജു ഖാലിദ്, സംഗീതം സുഷിൻ ശ്യാം. എഡിറ്റർ വിവേക് ഹർഷൻ, പ്രൊഡക്ഷൻ ഡിസൈനർ അജയൻ ചാലിശ്ശേരി, കാസ്റ്റിംഗ് ഡയറക്ടർ/ എക്സികുട്ടീവ് പ്രൊഡ്യൂസർ ഗണപതി, വസ്ത്രാലങ്കാരം സപ്ന കാജാ റാവുത്തർ, മേക്കപ്പ് റോണക്സ് സേവ്യർ, ആർട്ട് ഡയറക്ടർ ഇന്ദുലാൽ കാവീട്, ഓഡിയോഗ്രഫി ഷിജിൻ മെൽവിൻ ഹട്ടൻ, അഭിഷേക് നായർ, അസ്സോസിയേറ്റ് പ്രൊഡ്യൂസഴ്സ് സുപ്രീത്, ധവൽ ജട്ടാനിയ, പൂജ ഷാ, പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ, അസ്സോസിയേറ്റ് ഡിറക്ടർസ് ബിനു ബാലൻ, എസ് കെ ശ്രീരാഗ്, കളറിസ്റ്റ് ശ്രീക് വാര്യർ, വിഎഫ്എക്സ് എഗ്ഗ് വൈറ്റ് വിഎഫ്എക്സ്, സ്റ്റിൽ ഫോട്ടോഗ്രാഫർ രോഹിത് കെ സുരേഷ്, പിആർഒ വൈശാഖ് സി വടക്കേവീട്, ജിനു അനിൽ കുമാർ, പബ്ലിസിറ്റി ഡിസൈൻ യെല്ലോ ടൂത്സ്.




# ഐ നോബഡി പ്രദർശനത്തിന് ഒരുങ്ങുന്നു

എന്ന് നിന്റെ മൊയ്തീൻ, കൂടെ എന്നീ സൂപ്പർഹിറ്റ് ചിത്രങ്ങൾക്ക് ശേഷം പൃഥ്വിരാജും പാർവതിയും വീണ്ടും ഒന്നിക്കുന്ന ചിത്രമാണ് ഐ നോബഡി. സൂപ്പർ ഹിറ്റ് മമ്മൂട്ടി ചിത്രം റോഷാക്കിന് ശേഷം നിസാം ബഷീർ സംവിധാനം ചെയ്യുന്ന സിനിമ പൃഥ്വിരാജ് പ്രൊഡക്ഷൻസിന്റെയും ഇ4 എക്സ്പെരിമെന്റസിന്റെ ബാനറിൽ സുപ്രിയ മേനോനും മുകേഷ് ആർ മേത്തയും സി വി സാരഥിയും ചേർന്നാണ് നിർമ്മിക്കുന്നത്. ട്രെൻഡ് സെറ്റർ സംഗീത സംവിധായകൻ ജേക്സ് ബിജോയ്, പൃഥ്വിരാജ് കൂട്ടുകെട്ടിൽ ഇറങ്ങുന്ന ചിത്രമെന്ന പ്രതേകതയും ഐ നോബഡിക്കുണ്ട്. സെൻസർ ക്ലിയറൻസിന് ശേഷം ഈ ആഴ്ചയോടെ തന്നെ സിനിമയുടെ ട്രെയിലർ പുറത്തിറങ്ങുന്നതായിരിക്കും. ചിത്രത്തിൽ 8 ഗാനങ്ങളാണ് ജേക്സ് ബിജോയുടേതായി പുറത്തിറങ്ങാനുള്ളത്. ഗാനത്തിന്റെ ഓഡിയോ ലോഞ്ച് ഉടൻ തന്നെ ദുബായിൽ വെച്ച് നടക്കുന്നതായിരിക്കും. ബോളിവുഡിലെ ഏറ്റവും വലിയ ഹിറ്റ് സിനിമകളിലൊന്നായ ധുരന്ധർ ചിത്രത്തിൽ ഗാനമാലപിച്ച സുധീർ യദുവംശി പാടുന്ന ഒരു ഗാനവും ഐ നോബഡിയിൽ ഉണ്ടെന്നുള്ളതാണ് മറ്റൊരു ഹൈലൈറ്റ്. ആഗോള വ്യാപകമായി ജൂലൈ മാസത്തിൽ പുറത്ത് വരുന്ന ചിത്രത്തെ ഏറെ ആകാംഷയോടെയാണ് പ്രേക്ഷകർ കാത്തിരിക്കുന്നത്. ജേക്സ് ബിജോയ് , പൃഥ്വിരാജ് കൂട്ടുക്കെട്ടുണ്ടാക്കുന്ന പ്രതീക്ഷയും നിസ്സാരമല്ല.

2018ൽ പുറത്തിറങ്ങിയ രണം എന്ന പ്രിത്വിരാജ് ചിത്രത്തിലെ ഗാനങ്ങൾ ഒരുക്കിയത് ജേക്സ് ബിജോയാണ്. കൾട്ട് സ്റ്റാറ്റസ് നേടിയ രണത്തിലെ ഗാനങ്ങൾ ഇപ്പോഴും സോഷ്യൽ മാധ്യമങ്ങൾ വൈറലാണ്. കൂടാതെ 2020ലെ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ ചിത്രങ്ങളിലൊന്നായ അയ്യപ്പനും കോശിയിലെയും സംഗീതത്തിന് 2021ലെ സൗത്ത് ഇന്ത്യൻ ഇന്റർനാഷണൽ മൂവി അവാർഡുകളിൽ മികച്ച സംഗീത സംവിധായകൻ മലയാളം പുരസ്കാരം നേടിയ ജേക്ക്സ് ബിജോയ് ഇന്നത്തെ മലയാള സിനിമയിലെ ഏറ്റവും ശ്രദ്ധേയരായ സംഗീത സംവിധായകരിൽ ഒരാൾ കൂടിയാണ്.



പ്രിത്വിരാജ് സിനിമകളായ കുരുതി, ജന ഗണ മന, കടുവ, കാപ്പ, വിലയത്ത് ബുദ്ധ തുടങ്ങിയ ചിത്രങ്ങൾക്ക് സംഗീതവും, പശ്ചാത്തല സംഗീതവും നൽകിയ ജേക്ക്സ് ബിജോയ്, തന്റെ കഴിവ് കൊണ്ട് തികച്ചും വേറിട്ടു നിൽക്കുന്നൊരു സംഗീത സംവിധായകനാണ്. പശ്ചാത്തല സംഗീതം വഴി കഥാപാത്രങ്ങളുടെ വികാരങ്ങളെ ശക്തമായി തന്നെ പ്രേക്ഷകരിലേക്ക് എത്തിക്കാൻ കഴിവുള്ള ജേക്സ് ബിജോയിയുടെ സംഗീതത്തിന് പൃഥ്വിരാജിന്റെ സിനിമാ യാത്രയിൽ നിർണായകമായൊരു സ്ഥാനം തന്നെയുണ്ട്. നിലവാരത്തിന്റെയും സിനിമാറ്റിക് അനുഭവത്തിന്റെയും ഉറപ്പായി മാറിയിരിക്കുന്ന ജേക്ക്സ് ബിജോയ് പ്രിത്വിരാജ് കൂട്ടുക്കെട്ട് ഇത്തവണയും ട്രെൻഡ് സൃഷ്ടിക്കുമെന്നാണ് പ്രേക്ഷക പ്രതീക്ഷ.

അശോകൻ, വിജയരാഘവൻ, മധുപാൽ, ശങ്കർ രാമകൃഷ്ണൻ, നക്ഷത്ര, ഐറാ, നിഷാന്ത് സാഗർ, നന്ദു, നൗഷാദ് ബോംബെ, ജിജോയ് രാജഗോപാൽ, ഖാലിദ് റഹ്മാൻ, സഞ്ജു ശിവറാം, സുധി കോപ്പ, ബീന ചന്ദ്രൻ, സന അൽതാഫ്, കൃഷ്ണൻ ബാലകൃഷ്ണൻ, ദിനേശ് ആലപ്പുഴ, റോണി വർഗീസ്, മനോജ് കെ യൂ, ഇർഷാദ് അലി, സുധി കോഴിക്കോട്, മഹേന്ദ്രൻ, ആൽബിൻ അലക്സ്, ജിതിൻ മദനൻ എന്നിവരും ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.

റോഷാക്ക്, ഇബിലീസ് എന്നീ ചിത്രങ്ങൾക്ക് ശേഷം സമീർ അബ്ദുളാണ് ഐ, നോബഡിയുടെയും രചന നിർവഹിക്കുന്നത്. ഛായാഗ്രഹണം ദിനേശ് പുരുഷോത്തമൻ, ലൈൻ പ്രൊഡ്യൂസർ ഹാരിസ് ദേശം, എഡിറ്റിംഗ് റമീസ് എംബി, പ്രൊഡക്ഷൻ ഡിസൈനർ അർഷാദ് നാക്കോത്ത്, മേക്കപ്പ് റോണക്സ് സേവിയർ, കോസ്റ്റ്യൂംസ് ധന്യ ബാലകൃഷ്ണൻ, പ്രൊഡക്ഷൻ കൺട്രോളർ റിനി ദിവാകർ, ഫിനാൻസ് കൺട്രോളർ കിരൺ നെട്ടയം, സംഘടന സംവിധാനം വാനിക്ക് ബെൻ & കലൈ കിംഗ്സ്റ്റൺ & അമിത് ജോളി ബാസ്റ്റിൻ, സൗണ്ട് ഡിസൈനർ നിക്സൺ ജോർജ്, വി എഫ് എക്സ് ലവാ കുശ, മാർക്കറ്റിംഗ്: കാറ്റലിസ്റ്റ് & റ്റിംഗ്, പ്രൊമോഷൻസ് പൊഫാക്ഷിയോ, ഡിജിറ്റൽ മാർക്കറ്റിംഗ് വിപിൻ കുമാർ.വി, കളറിസ്റ്റ് സുരേഷ് രവി, സ്റ്റീൽസ് രോഹിത് കെ സുരേഷ്, ഡിസൈൻസ് യെല്ലോ ടൂത്ത്.



# സൈനേജ് റീസൈക്ലിങിന്റെ എറണാകുളം ജില്ലാതല ഉദ്ഘാടനം അങ്കമാലിയിൽ നടന്നു

**കൊച്ചി:** സൈൻ പ്രിന്റിംഗ് ഇൻഡസ്ട്രീസ് അസോസിയേഷന്റെ (സ്പിയ) ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന റീസൈക്ലിംഗ് സൊസൈറ്റിയുടെ നേതൃത്വത്തിൽ റീ സൈൻ കേരളയുടെ കണ്ണൂർ റീസൈക്ലിങ് പ്ലാന്റിലേക്കുള്ള സൈനേജ് മാലിന്യ ശേഖരണത്തിന്റെ എറണാകുളം ജില്ലാതല ഉദ്ഘാടനവും ആദ്യ ലോഡിന്റെ ഫ്ളാഗ് ഓഫും അങ്കമാലിയിൽ നടന്നു.

അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ തങ്കച്ചൻ ചടങ്ങ് ഉദ്ഘാടനം ചെയ്ത് കണ്ണൂർ പ്ലാന്റിലേക്കുള്ള ആദ്യ ലോഡിന്റെ ഫ്ലാഗ് ഓഫ് നിർവഹിച്ചു.

സ്പിയ ജില്ലാ പ്രസിഡന്റ് അജോ മാത്യു അധ്യക്ഷത വഹിച്ച ചടങ്ങിൽ, പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകുന്ന ഈ സംരംഭത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി തുറവൂർ പഞ്ചായത്ത് പ്രസിഡന്റ് എം. പി. മാർട്ടിൻ മുഖ്യാതിഥിയായി സംസാരിച്ചു.

സംസ്ഥാന പ്രസിഡന്റ് സ്റ്റീഫൻ മാടവന, സംസ്ഥാന ജോയിന്റ് സെക്രട്ടറി തോമസ് കെ. ഡി, ജില്ലാ ഭാരവാഹികളായ ആന്റണി ബിനോയ്, പ്രമോദ് കെ, അങ്കമാലി സോൺ ഭാരവാഹികൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. സോൺ സെക്രട്ടറി ബിനീഷ് സ്വാഗതവും, ജില്ലാ സെക്രട്ടറി ഷെരീഫ് പി. ഹസൻ നന്ദിയും പറഞ്ഞു.

ഉദ്ഘാടന ചടങ്ങുകൾക്ക് ശേഷം അങ്കമാലി സോണിൽ നിന്ന് ശേഖരിച്ച സൈനേജ് മാലിന്യങ്ങളുടെ ലോഡുമായുള്ള വാഹനം കണ്ണൂരിലെ റീസൈക്ലിംഗ് പ്ലാന്റിലേക്ക് .

പുറപ്പെട്ടു. പ്രിന്റിംഗ് ഇൻഡസ്ട്രിയിൽ നിന്നുള്ള പ്ലാസ്റ്റിക്, സൈനേജ് അവശിഷ്ടങ്ങൾ ശാസ്ത്രീയമായി ശേഖരിച്ച് റീസൈക്കിൾ ചെയ്ത് പുനരുപയോഗത്തിലേക്ക് എത്തിക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിന് ശക്തമായ പിന്തുണ നൽകുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

# ബാങ്ക് ഓഫ് ബറോഡ ബോബ് ഗോൾഡൻ ഗോൾ ഡെപ്പോസിറ്റ് സ്കീം അവതരിപ്പിച്ചു; 7.40 ശതമാനം വരെ പലിശ നിരക്ക്

**കൊച്ചി:** ബാങ്ക് ഓഫ് ബറോഡ പുതിയ റീട്ടെയിൽ ടേം ഡെപ്പോസിറ്റ് പദ്ധതിയായ 'ബോബ് ഗോൾഡൻ ഗോൾ ഡെപ്പോസിറ്റ് സ്കീം' അവതരിപ്പിച്ചു. 555 ദിവസത്തെ കാലാവധിയുള്ള ഈ പ്രത്യേക നിക്ഷേപ പദ്ധതിക്ക് ആകർഷകമായ പലിശ നിരക്കുകളാണ് ബാങ്ക് നൽകുന്നത്. 3 കോടി രൂപയ്ക്ക് താഴെയുള്ള റീട്ടെയിൽ ടേം ഡെപ്പോസിറ്റുകൾക്കാണ് ഈ പദ്ധതി ബാധകമാകുക.

പൊതുവിഭാഗത്തിന് 6.75 ശതമാനമാണ് വാർഷിക പലിശ നിരക്ക് ലഭിക്കുന്നത്. മുതിർന്ന പൗരന്മാർക്ക് 7.25 ശതമാനം വാർഷിക പലിശ ലഭിക്കും. 80 വയസ്സിന് മുകളിലുള്ള സൂപ്പർ സീനിയർ സിറ്റിസൺസിന് 7.35 ശതമാനമാണ് പലിശ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. നോൺകോളബിൾ നിക്ഷേപങ്ങൾക്ക് പരമാവധി 7.40 ശതമാനം വരെ വാർഷിക പലിശ ലഭിക്കുന്നതാണ്.

# തീയതി നീട്ടി

**കൊച്ചി:** കേരള സർക്കാർ വിനോദസഞ്ചാര വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കളമശ്ശേരി ഗവൺമെന്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2026–27 അധ്യയന വർഷത്തെ വിവിധ ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളിലേക്ക് അപേക്ഷിക്കാനുള്ള തീയതി ജൂൺ 20ാം തീയതി വൈകുന്നേരം 5 മണി വരെ നീട്ടി.

പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്ക് ഓൺലൈനായോ നേരിട്ടോ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

എസ്.സി, എസ്.ടി, ഒ.ഇ.സി, ഒ.ബി.എച്ച് വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനം പൂർണ്ണമായും സൗജന്യമായിരിക്കും. ഒ.ബി.സി, ജനറൽ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് നിയമാനുസൃതമായ ഫീസ് ആനുകൂല്യങ്ങളും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.fcikerala.org എന്ന വെബ്സൈറ്റ് വഴിയും, 04842558385, 2963385, 9645078880 എന്നീ ഫോൺ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.



# ജെറായ് ഫിറ്റ്നസ് 'ലാസ്റ്റ് വൺ സ്റ്റാൻഡിംഗ്' ചാമ്പ്യൻഷിപ്പ് പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ ഫിറ്റ്നസ് ഉപകരണ നിർമ്മാണ രംഗത്തെ പ്രമുഖരായ ജെറായ് ഫിറ്റ്നസ് ലിമിറ്റഡ്, രാജ്യത്തെ ആദ്യത്തെ സമഗ്ര കരുത്ത് സഹിഷ്ണുത ചാമ്പ്യൻഷിപ്പായ 'ലാസ്റ്റ് വൺ സ്റ്റാൻഡിംഗ്' പ്രഖ്യാപിച്ചു. റീബോക്കിന്റെ പിന്തുണയോടെ നടക്കുന്ന ഈ മത്സരം, അത്‌ലറ്റുകളെയും ഫിറ്റ്നസ് പ്രേമികളെയും സാധാരണക്കാരെയും ഒരുപോലെ വെല്ലുവിളിക്കാനും അവരുടെ ശാരീരികമാനസിക ശേഷി തെളിയിക്കാനും അവസരമൊരുക്കുന്നു. 2026 ഡിസംബർ 13ന് മുംബൈയിൽ നടക്കുന്ന ഈ ചാമ്പ്യൻഷിപ്പിലേക്ക് ആദ്യ 500 പേർക്ക് മാത്രമാണ് രജിസ്ട്രേഷൻ അവസരം. താൽപ്പര്യമുള്ളവർക്ക് www.lastonestanding.in വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

സ്ക്വാറ്റ്സ്, ബെഞ്ച് പ്രസ്, ഡെഡ് ലിഫ്റ്റ്, പുൾഅപ്പ്സ്, ജയന്റ് ബാറ്റ് റൺ, എയർ ബൈക്ക് എന്നിങ്ങനെ ആറ് വ്യത്യസ്ത ഇനങ്ങളിലായാണ് മത്സരം നടക്കുന്നത്. 18 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രായത്തിന്റെയും ഭാരവിഭാഗത്തിന്റെയും അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിൽ മത്സരിക്കാം. ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്നവരെ വിജയികളായി പ്രഖ്യാപിക്കുകയും ആകർഷകമായ സമ്മാനങ്ങൾ നൽകുകയും ചെയ്യും. സുതാര്യത ഉറപ്പാക്കുന്നതിനായി സർട്ടിഫൈഡ് റഫറിമാരുടെ മേൽനോട്ടത്തിലായിരിക്കും മത്സരങ്ങൾ നടക്കുക.

രാജ്യത്ത് വർദ്ധിച്ചുവരുന്ന നിഷ്ക്രിയ ജീവിതശൈലിക്കെതിരെയുള്ള ഒരു മുന്നേറ്റമായാണ് ജെറായ് ഫിറ്റ്നസ് ഈ പരിപാടിയെ കാണുന്നത്. 'ശരീരത്തിന്റെ യഥാർത്ഥ കരുത്തും അച്ചടക്കവും വീണ്ടെടുക്കുക എന്നതാണ് ഈ ചാമ്പ്യൻഷിപ്പിന്റെ ലക്ഷ്യം. എലൈറ്റ് അത്‌ലറ്റുകൾക്ക് മാത്രമല്ല, സ്വന്തം പരിധികൾ മറികടക്കാൻ തയ്യാറുള്ള എല്ലാവർക്കുമുള്ള വേദിയാണിത്' എന്ന് ജെറായ് ഫിറ്റ്നസ് എം.ഡി രാജേഷ് റായ് വ്യക്തമാക്കി. മത്സരത്തോടൊപ്പം പ്രേക്ഷകർക്കായി ഫിറ്റ്നസ് ഫെസ്റ്റിവൽ അന്തരീക്ഷവും സംഘാടകർ ഒരുക്കുന്നുണ്ട്.



**ടൈ യംഗ് എന്റർപ്രണേഴ്സ് (ടിവൈഇ) ദേശീയ തലത്തിൽ ഒന്നാം സ്ഥാനവും ആഗോള തലത്തിൽ റണ്ണേഴ്സ് അപ്പുമായ ടൈ ബെംഗളൂരു ടീമിന് കേരള സ്റ്റാർട്ടപ്പ് മിഷനിലെ ഡിജിറ്റൽ ഹബ്ബിൽ നടന്ന ടിവൈഇ ഗ്ലോബൽ സമ്മിറ്റിന്റെ സമാപനച്ചടങ്ങിൽ ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദും ടൈ യംഗ് എന്റർപ്രണേഴ്സ് ചെയർ വിനോദിനി സുകുമാറും ചേർന്ന് ചെക്ക് സമ്മാനിക്കുന്നു. ടൈ ഗ്ലോബൽ പ്രോഗ്രാം ലീഡ് പിയാലി ചതോപാധ്യായ്, കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രോഗ്രാം ഹെഡ് നാസിഫ് എൻ എം, ടൈ എക്സിക്യൂട്ടീവ് ഡയറക്ടർ ദിവ്യ തലക്കലത്ത് എന്നിവർ സമീപം**

# പിസാ ഹട്ട് വിൽക്കുന്നു!

**കെന്റക്കി:** പ്രതിസന്ധിയിലായ പിസ ഹട്ട് റസ്റ്ററൻറ് ശൃംഖലയെ മാതൃ കമ്പനിയായ യം ബ്രാൻഡ്സ് വിൽക്കുന്നു.

2.7 ബില്യൺ ഡോളറിനാണ് വിൽപ്പന. കമ്പനി പറയുന്നതനുസരിച്ച് പ്രൈവറ്റ് ഇക്വിറ്റി സ്ഥാപനമായ ലോംഗ്റേഞ്ച് കാപ്പിറ്റൽ മെയിൻലാൻഡ് ചൈനയിലെ ബിനിസസ് ഒഴിവാക്കിക്കൊണ്ട് 1.5 ബില്യൺ ഡോളറിന് പിസ ഹട്ട് വാങ്ങും.

മെയിൻലാൻഡ് ചൈനയിലെ പിസ ഹട്ട് ബിസിനസ് യം ചൈന ഹോൾഡിംഗ്സ് ഏകദേശം 1.2 ബില്യൺ ഡോളറിന് വാങ്ങുമെന്നും അറിയിച്ചു.




പിസ ഹട്ട് വിൽക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതായും യുഎസിലെ 250 റസ്റ്ററൻറുകൾ പൂട്ടാൻ ലക്ഷ്യമിടുന്നതായും ഫെബ്രുവരിയിൽ യം ബ്രാൻഡ്സ് വ്യക്തമാക്കിയിരുന്നു.

വർഷങ്ങളായി പിസ ഹട്ട് പ്രതിസന്ധികളിലൂടെയാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. വിപണി വിഹിതം എതിരാളികളായ ഡോമിനോസ് പിസയോട് നഷ്ടപ്പെടുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

1958ൽ കൻസാസിലെ വിചിറ്റിയിലാണ് പിസ ഹട്ട് സ്ഥാപിതമായത്. 1977ൽ പെപ്സികോ ഈ റസ്റ്ററൻറ് ശൃംഖലയെ സ്വന്തമാക്കി. 1997ൽ പെപ്സികോ ഈ റസ്റ്ററൻറ് വിഭാഗത്തെ വേർപെടുത്തി ഒരു സ്വതന്ത്ര കമ്പനിയാക്കി. ഈ വിഭാഗമാണ് പിന്നീട് യം ബ്രാൻഡ്സ് ആയി മാറിയത്.



# അട്ടപ്പാടി ട്രൈബൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ലുലുവിന്റെ സമ്മാനം

**പാലക്കാട്/കൊച്ചി:** അക്ഷരലോകത്തേക്ക് കാൽവെച്ച കുരുന്നുകൾക്ക് കൈത്താങ്ങുമായി കൊച്ചി ലുലുമാൾ അധികൃതർ. അട്ടപ്പാടി ട്രൈബൽ താലൂക്കിലെ ആനവായി, ചിണ്ടക്കി സർക്കാർ ട്രൈബൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്താണ് കൊച്ചി ലുലുമാളിലെ ജീവനക്കാരും മാനേജ്മെന്റും മാതൃകയായത്.

പരിപാടിയിൽ 125 വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്തു. വാർഡ് മെമ്പർ സാജ്ന നവാസ് ഉദ്ഘാടനം നിർവഹിച്ചു. ലുലു ഇന്ത്യ എച്ച്.ആർ ഹെഡ് അനൂപ് മജീദും സൈലന്റ് വാലി റേഞ്ച് അസിസ്റ്റൻഡ് വൈൽഡ് ലൈഫ് വാർഡൻ വിഷ്ണുവും ചേർന്ന് പഠനോപകരണങ്ങളുടെ വിതരണോത്ഘാടനം നടത്തി. കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ എത്തിക്കുന്നതിലൂടെ ഈ മേഖലയിലെ കുട്ടികളുടെ ഉന്നമനവും സാമഹൂമിക സുരക്ഷയുമാണ് ലക്ഷ്യമിടുന്നതെന്നും ലുലു ഇന്ത്യ എച്ച്.ആർ ഹെഡ് അനൂപ് മജീദ് പ്രതികരിച്ചു.

ലുലു ഗ്രൂപ്പ് എച്ച്.ആർ മാനേജർമാരായ ഐശ്യര്യ രത്നമ, അലക്സാണ്ടർ അഗസ്റ്റിൻ, മുഹമ്മദ് ഷിനാസ് എന്നിവർ ആശംസ നേർന്നു. ഭൂരിപക്ഷവും ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങളുടെ വിതരണം ഈ മേഖലയിലെ കുട്ടികളുടെ ഉന്നമനം ലക്ഷ്യമിട്ടാണ് ലുലു അധികൃതർ നടപ്പിലാക്കിയത്.

പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ട നൂറ് ശതമാനവും ആദിവാസി കുട്ടികൾ പഠിക്കുന്ന സ്കൂളുകളാണിത്.സാമ്പത്തികമായി പിന്നാക്ക സാഹചര്യങ്ങളിൽ നിന്നും സ്കൂളിലേക്ക് എത്തുന്ന കുട്ടികൾക്ക് ലുലുവിന്റെ ഉദ്യമം ആശ്വാസമായി. ചിക്കണ്ടി എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ ഇൻ ചാർജ് ആശ, അധ്യാപികയായ പ്രിൻസി, ലുലുഗ്രൂപ്പ് ഡെപ്യൂട്ടി എച്ച്.ആർ മാനേജർമാരായ അജ്മൽ റോഷൻ, റിഷാദ് റഹീം, സീനിയർ എച്ച്.ആർ എക്സിക്യൂട്ടീവുകളായ ശ്രീജിത്ത് അനിൽകുമാർ, ആദിത്യ എസ്.നായർ,ടി. ശ്രീരേഖ തുടങ്ങിയവർ പങ്കെടുത്തു.

# ടിസിഎസിനെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ പാർട്ട്ണറായി പ്രഖ്യാപിച്ച് ടോട്ടൻഹാം ഫുട്ബോൾ ക്ലബ്ബ്

**മുംബൈ:** ഐടി സേവനങ്ങൾ, കൺസൾട്ടിംഗ്, ബിസിനസ് സൊല്യൂഷനുകൾ എന്നിവയിൽ ആഗോള മുൻനിരക്കാരായ ടാറ്റ കൺസൾട്ടൻസി സർവീസസ്, ടോട്ടൻഹാം ഹോട്സ്പർ ഫുട്ബോൾ ക്ലബ്ബുമായി ബഹുവർഷ പങ്കാളിത്തം പ്രഖ്യാപിച്ചു. കരാർ പ്രകാരം, ആരാധകരുമായുള്ള ആശയവിനിമയവും ഇടപഴകലും, ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ, അതിന്റെ വിപുലമായ ഡിജിറ്റൽ ഇക്കോസിസ്റ്റം എന്നിവയിലുടനീളം നൂതനമായ സാങ്കേതിക പരിഹാരങ്ങൾ നൽകിക്കൊണ്ട് ക്ലബ്ബിൻറെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ പാർട്ട്ണറായി ടിസിഎസ് പ്രവർത്തിക്കും. ലോകമെമ്പാടും വലിയ വിഭാഗം ആരാധകരുള്ള, പ്രശസ്തമായ ഫുട്ബോൾ ക്ലബ്ബുകളിലൊന്നാണ് ടോട്ടൻഹാം പങ്കാളിത്തത്തിന്റെ ഭാഗമായി, ടോട്ടൻഹാം ഹോട്സ്പറിന്റെ ഡിജിറ്റൽ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി സെയിൽസ്ഫോഴ്സ്, സൈബർ സുരക്ഷ എന്നീ മേഖലകളിൽ തങ്ങൾക്കുള്ള വൈദഗ്ധ്യം ടിസിഎസ് പ്രയോജനപ്പെടുത്തും. നൂതനമായ അനലിറ്റിക്സും ഉൾക്കാഴ്ചകളും പ്രയോജനപ്പെടുത്തി ടിസിഎസ്, ആരാധകരുമായി കൂടുതൽ മികച്ച ബന്ധം കെട്ടിപ്പടുക്കാൻ ക്ലബ്ബിനെ പ്രോത്സാഹിപ്പിക്കും. ഡേറ്റ പ്രയോജനപ്പെടുത്താനും സിസ്റ്റങ്ങൾ ആധുനികവത്കരിക്കാനും ഭാവിക്കായി സജ്ജമായ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം നിർമ്മിക്കാനും ക്ലബ്ബിനെ സഹായിക്കുകയും ചെയ്യും.




ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ ആരാധകരുമായുള്ള ബന്ധം ദൃഢമാക്കുക, മികച്ച ഉപയോക്തൃ അനുഭവങ്ങൾ നൽകുക എന്നീ വിശാലമായ ലക്ഷ്യങ്ങൾക്ക് കരുത്തുപകരുന്നതാണ് സ്പർസിൽ നടന്നുകൊണ്ടിരിക്കുന്ന ഡിജിറ്റൽ പരിവർത്തനമെന്ന് ടോട്ടൻഹാം ഹോട്സ്പർ ചീഫ് റെവന്യൂ ഓഫീസർ റയാൻ നോറിസ് പറഞ്ഞു. ടിസിഎസിനെപ്പോലെയുള്ള ഒരു ഇൻഡസ്ട്രി ലീഡറെ ഈ യാത്രയിൽ ഒപ്പം കൂട്ടാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ലോകത്തിലെ വലിയ ബ്രാൻഡുകൾക്കൊപ്പം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയ അവരുടെ വൈദഗ്ധ്യം ഞങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിൽ അമൂല്യമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സമ്പന്നമായ പാരമ്പര്യവും ലോകമെമ്പാടും മികച്ച ആരാധക പിന്തുണയുമുള്ള ടോട്ടൻഹാം ഹോട്സ്പറുമായി പങ്കാളികളാകുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്ന് ടിസിഎസ് ഗ്രോത്ത് മാർക്കറ്റ്സ് പ്രസിഡന്റ് ഗിരീഷ് രാമചന്ദ്രൻ പറഞ്ഞു. ഡേറ്റ, സാങ്കേതികവിദ്യ, ഡിസൈൻ എന്നിവ സംയോജിപ്പിക്കുന്നതിലൂടെ, ആരാധകരുമായുള്ള ഇടപഴകൽ കൂടുതൽ ആഴത്തിലുള്ളതാക്കാനും വിവിധ പ്ലാറ്റ്ഫോമുകളിൽ മികച്ച ഡിജിറ്റൽ അനുഭവങ്ങൾ സൃഷ്ടിക്കാനും ക്ലബ്ബിനെ സഹായിക്കുന്നതിനുമാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.




# ഫിഫ ലോകകപ്പ് കൊക്കകോള മാച്ച് ഡേ ഹാങ്ഔട്ട് പ്രഖ്യാപിച്ചു

**കൊച്ചി:** ക്രിയേറ്റർമാരോടൊപ്പം ലോകകപ്പ് മത്സരങ്ങൾ തത്സമയം കാണുന്ന മാച്ച് ഡേ ഹാങ്ഔട്ട് ഇന്ത്യയിലെ ഫുട്ബോൾ ആരാധകർക്കായി കൊക്കകോള ആരംഭിച്ചു. മത്സരസമയങ്ങളിൽ സെപ്റ്റോ, ബ്ലിങ്കിറ്റ് എന്നിവയിലൂടെ കൊക്കകോള ഓർഡർ ചെയ്യുമ്പോൾ ആരാധകർക്ക് ഈ ഇന്ററാക്ടീവ് സ്ട്രീമുകളിലേക്ക് പ്രവേശനം നേടാം.

മത്സരത്തിന് മുൻപുള്ള പ്രവചനങ്ങൾ, തത്സമയ പ്രതികരണങ്ങൾ, ഹാഫ്ടൈം ചർച്ചകൾ, മത്സരശേഷമുള്ള സംവാദങ്ങൾ, ക്വിസുകൾ, ക്രിയേറ്റർ നടത്തുന്ന ചലഞ്ചുകൾ എന്നിവയിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കും. ക്രിയേറ്റർമാരായ രോഹൻ ജോഷി, സാക്ഷി ശിവദാസനി, കാശ്വി ഹിരാനന്ദാനി എന്നിവർ നേതൃത്വം നൽകും. പങ്കെടുക്കുന്നവർക്ക് മിനി ഫ്രിഡ്ജുകൾ, ക്യാപ്പുകൾ, ടീഷർട്ടുകൾ, സിപ്പറുകൾ ഉൾപ്പെടെയുള്ള സമ്മാനങ്ങൾ നേടാനുള്ള അവസരവുമുണ്ട്.

ഫിഫയുമായുള്ള ദീർഘകാല ബന്ധത്തിലൂടെ ആരാധകരുടെ ജീവിതത്തിലെ അവിഭാജ്യഘടകമായ കൊക്കകോള, റെവ് സ്പോർട്സുമായി ചേർന്ന്, കമ്മ്യൂണിറ്റിക്ക് മുൻഗണന നൽകുന്നതും ക്രിയേറ്റർമാർ നയിക്കുന്നതുമായ ഒരു തത്സമയ അനുഭവമാണ് ആരാധകർക്കായി ഒരുക്കുന്നതെന്ന് കൊക്ക കോള ഇന്ത്യ & സൗത്ത് വെസ്റ്റ് ഏഷ്യ മാർക്കറ്റിംഗ് സീനിയർ ഡയറക്ടർ കാർത്തിക് സുബ്രഹ്മണ്യൻ വ്യക്തമാക്കി.

ഫുട്ബോൾ എപ്പോഴും വികാരങ്ങളും ചർച്ചകളും കൂട്ടായ്മകളും നിറഞ്ഞതാണ്, കൊക്കകോള മാച്ച്ഡേ ഹാങ്ഔട്ടിലൂടെ മത്സരരാത്രിയിലെ ചർച്ചകളെ രാജ്യത്തുടനീളമുള്ള ആരാധകർക്കായി ഒരു കൂട്ടായ തത്സമയ അനുഭവമാക്കി മാറ്റാനാണ് ഞങ്ങൾ ശ്രമിക്കുന്നതെന്ന് റെവ്സ്പോർട്സ് സ്ഥാപകനും സിഇഒയുമായ ബോറിയ മജുംദാർ പറഞ്ഞു.



# ആലുവ ജില്ലാ ആശുപത്രി പരിസരം ശുചീകരിച്ച് ഫെഡറൽ ബാങ്ക് ജീവനക്കാർ

**ആലുവ:** ലോക പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി ഫെഡറൽ ബാങ്ക് ജീവനക്കാർ ആലുവ ഗവൺമെന്റ് ജില്ലാ ആശുപത്രി പരിസരം ശുചീകരിച്ചു. ബാങ്കിന്റെ ആലുവയിലുള്ള ഹെഡ് ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന അൻപതിലധികം ജീവനക്കാർ ബുധനാഴ്ച നടത്തിയ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെയും പാരിസ്ഥിതിക മൂല്യങ്ങളുടെയും ഭാഗമായാണ് ശുചീകരണപ്രവർത്തനം സംഘടിപ്പിച്ചതെന്ന് ബാങ്കിന്റെ സി എസ് ആർ ഹെഡ് ആയ ഷാജി കെ വി പറഞ്ഞു. 'നമ്മുടെ ഭൂമി, നമ്മുടെ ഡ്യൂട്ടി' എന്ന പേരിൽ സമാനമായ പാരിസ്ഥിതിക പ്രവർത്തനങ്ങൾ ജീവനക്കാരുടെ നേതൃത്വത്തിൽ ഇന്ത്യയൊട്ടാകെ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശുചീകരണപ്രവർത്തനത്തിന് ആലുവ പരിസ്ഥിതി സംരക്ഷണ സംഘം പ്രവർത്തകർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പങ്കാളികളായി.

രാവിലെ ഏഴുമണിയ്ക്കു തുടങ്ങിയ ശുചീകരണ പ്രവർത്തനം പത്തുമണിയോടെ സമാപിച്ചു. താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. സ്മിജി ജോർജ്ജ് ചിറമൽ ബാങ്കിനും ജീവനക്കാർക്കും കൃതജ്ഞത അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com